ജനയുഗം

2017 ഫെബ്രുവരി 17 വെള്ളി

# പ്രീ ബജറ്റ്: ഐ എസ് ഇ ഡി ധനമന്ത്രിക്ക് നിവേദനം നൽകി

കൊച്ചി: ലോക നിലവാരത്തിലുള്ള നവസംരംഭങ്ങൾ രൂപപ്പെടുത്താനും ഫലപ്രദമായി നടപ്പാക്കാനും, മുതൽമുടക്കാനുമുള്ള കേരളത്തി ലെ വിപുലമായ സാധ്യതകളെപ്പറ്റി സമഗ്രമായി പ്രതിപാദിക്കുന്ന പ്രീ-ബജറ്റ് മെമ്മോറാണ്ടം കൊച്ചി കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മാൾ എന്റർപ്രൈസസ് ആൻഡ് ഡെവലപ്മെന്റ്, ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക്കിന് സമർപ്പിച്ചു.

'പ്രീ ബജറ്റ് മെമ്മോറാണ്ടം' എന്ന പരമ്പരയിൽ വർഷം തോറും ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കാറുള്ള ഔദ്യോഗിക രേഖ, സംസ്ഥാനത്തിന്റെ സംരംഭ-സംരംഭകത്വ മേഖലയിലെ സാദ്ധ്യതകളും വേണ്ട മാറ്റങ്ങളും ശുപാർശ ചെയ്യാറുണ്ട്. ചെറുകിട-ഇടത്തരം സംരംഭ മേഖലയുടെ പ്രശ്നങ്ങളും സാധ്യതകളും വെളിച്ചത്തു കൊണ്ടുവരികയാണ് ഇതിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്.

വിശദമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ വർഷത്തെ പ്രീ ബജറ്റ് മെമ്മോറാണ്ടം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശുപാർശകൾ ഡയറക്ടർ ഡോ. പി എം മാത്യു, കൺസൾട്ടന്റും സിഡ്ബി മുൻ ചീഫ് ജനറൽ മാനേജരുമായ കെ എം നായരും ചേർന്നാണ് സമർപ്പിച്ചത്. സംരംഭ വികസന രംഗത്ത് കാതലായ മാറ്റങ്ങൾ വരുത്തേണ്ടതിന്റെ ആവശ്യകത ഇത് മുന്നോട്ടു വയ്ക്കുന്നു. പ്രശ്ന മേഖലകൾ, സാധ്യതാ മേഖലകൾ, എന്നീ രണ്ട് ഇനങ്ങളിലായി, വമ്പിച്ച തോതിൽ ഉള്ള സംഘാടനത്തിന്റെയും മൂലധനമുടക്കിന്റെയും ആവശ്യകത ഈ രേഖ ചൂണ്ടിക്കാട്ടുന്നു. 'ഹരിത കേരളം', ജനകീയാസൂത്രണം, ശുചിത്വ മിഷൻ തുടങ്ങിയ നിലവിലുള്ള നിരവധി പദ്ധതികളെ ക്രോഡീകരിച്ച് ഒരു 'സാമൂഹ്യ-സംരംഭ-വികസന' പദ്ധതി കൊണ്ടു വരികയാണ് ഈ ശുപാർശയുടെ കാതൽ. സംരംഭക വികസന രംഗത്ത് അടിസ്ഥാനപരമായ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന, 'വ്യവസായ സേവന വൗച്ചർ സ്കീം' തുടങ്ങിയ ചില പദ്ധതികളും, ഇൻസ്റ്റിറ്റ്യുട്ടിന്റെ പതിമൂന്നിന പരിപാടിയിൽ ഉൾച്ചേർത്തിട്ടുണ്ട് . 2017 ലെ ബജറ്റ്, ഒരു 'ഹരിത ബജറ്റ് ' ആക്കി മാറ്റാനുള്ള നിരവധി സാധ്യതകളും ആവശ്യവും വ്യക്തമാണെന്ന് മെമ്മോറാണ്ടം പറയുന്നു .